"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-DGE/10702/2025-sports1 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 14-07-2025

## <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - സ്പോർട്സ് - സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റ് 2025 - സബ് ജില്ല / ജില്ലാതല - ടീം രജിസ്ട്രേഷൻ - നിർദേശങ്ങൾ - സംബന്ധിച്ച്

സൂചന :- 1. 29.05.2025 ലെ ഇതേ നമ്പർ സർക്കുലർ
2. 14.07.2025 ലെ ഇതേ നമ്പർ സർക്കുലർ

*****

ന്യൂഡൽഹിയിൽ വച്ച് 2025 ആഗസ്റ്റ് 16 മുതൽ സെപ്റ്റംബർ 25 വരെ നടത്താൻ നിശ്ചയിച്ചിട്ടുള്ള 64-ാാംമത് സുബ്രതോ കപ്പ് ഫുട്ബോൾ ടൂർണമെന്റിന്റെ ഭാഗമായി മത്സരത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള സ്കൂൾ ടീമുകൾ www.subrotocup.in എന്ന വെബ്സൈറ്റിലും അതോടൊപ്പം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ https://sports.kite.kerala.gov.in എന്ന വെബ്സൈറ്റിലും ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണെന്നും സുബ്രതോ ഫൌണ്ടേഷന്റെ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ അടയ്ക്കുന്ന 2000/- രൂപയുടെ രസീതിന്റെ പകർപ്പ് സബ് ജില്ല, ജില്ല, സംസ്ഥാന തല മത്സരങ്ങളിൽ പങ്കെടുക്കുമ്പോൾ ഹാജരാക്കേണ്ടതാണെന്നും സൂചന സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ നിരവധി സ്കൂളുകൾക്ക് സമയബന്ധിതമായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ https://sports.kite.kerala.gov.in വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തതിനാൽ അത്തരം സ്കൂളുകളുടെ അവസരം നഷ്ടപ്പെടുന്നത് ഒഴിവാക്കുന്നതിനായി **<u>15.07.2025 വൈകുന്നേരം</u>**

**5.00 മണി വരെ മാത്രം https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിൽ രെജിസ്റ്റർ **ചെയ്യാത്ത സ്കൂളുകൾക്ക് ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്നതാണ്.**

Signed by
Santhosh C A
Date: 14-07-2025 18:40:34
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**സ്വീകർത്താവ്:**

1. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി)
2. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും ( വി.എച്ച് എസ്.ഇ)
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. ജില്ലാ സ്പോർട്സ് കോർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
6. ആർ.ഡി.എസ്.ജി.എ. സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)

**പകർപ്പ്:**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ് ( **15.07.2025** വൈകുന്നേരം **5.00** മണി വരെ മാത്രം **https://sports.kite.kerala.gov.in** എന്ന വെബ്സൈറ്റിലെ സുബ്രതോ കപ്പ് ടൂർണമെന്റ് രെജിസ്ട്രേഷനുള്ള പോർട്ടൽ ഓപ്പൺ ചെയ്ത് നൽകേണ്ടതാണ്)